മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി

253 (259) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി, തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് 3-12-2012 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതി ഉത്തരവുപ്രകാരം കേസ്സിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) 1. ശ്രീ. വി.എസ്.അച്ചുതാനന്ദൻ, മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ.പി. രാജേന്ദ്രൻ, മുൻ റവന്യൂ വകുപ്പുമന്ത്രി
3. ശ്രീ. ടി.കെ. സോമൻ, സ്വകാര്യ വ്യക്തി
4. ശ്രീ. എൻ.എ. കൃഷ്ണൻകുട്ടി, ഐ.എ.എസ്., (റിട്ടയേർഡ്) - മുൻ ജില്ലാ കളക്ടർ, കാസർഗോഡ്
5. ശ്രീ. എ. സുരേഷ്, മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് എന്നിവർക്കെതിരെ പ്രോസിക്യൂഷന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഈ കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. വി.എസ്. അച്ചുതാനന്ദൻ സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം കേസ്സിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly